**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2886** **03-08-2021 - ൽ മറുപടിയ്ക്ക്**

**ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. എ. രാജ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെട്ടവർ എത്രപേരുണ്ടെന്ന് കണ്ടെത്താൻ സർവ്വേ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | (എ) 2014 ലെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ NALSA ജഡ്ജ്മെന്റിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ 2014-15 സാമ്പത്തിക വർഷം സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ വ്യക്തികളുടെ എണ്ണവും, സാമൂഹ്യ സാഹചര്യവും പഠന വിധേയമാക്കിയിരുന്നു. ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന സംഗമ എന്ന സംഘടന മുഖേനയാണ് പ്രസ്തുത സർവ്വേ സംസ്ഥാനത്ത് നടപ്പിലാക്കിയത്. പ്രസ്തുത സർവ്വേയിൽ 3916 ട്രാൻസ്ജെൻഡർ വ്യക്തികൾ നേരിട്ട് പങ്കെടുക്കുകയും, snowball sampling method ലൂടെ സംസ്ഥാനത്ത് ഏകദേശം 25000 ത്തോളം ട്രാൻസ്ജെൻഡർ വ്യക്തമാക്കുകയും ചെയ്യുന്നു. സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 2015 ൽ ട്രാൻസ്ജെൻഡർ നയം രൂപീകരിച്ചിരുന്നു. പ്രസ്തുത സർവ്വേ റിപ്പോർട്ട് വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2015-ൽ രൂപീകരിച്ച ട്രാൻസ്ജെൻഡർ നയത്തിന്റെ അടിസ്ഥാനത്തിൽ 2019-20 സാമ്പത്തിക വർഷം സോഷ്യോ എക്കണോമിക് സർവ്വേയും ഇൻഡിവിജ്വൽ ഡെവലപ്പ്മെന്റ് പ്ലാനും ഒരു ഓൺലൈൻ പ്ലാറ്റ് ഫോമിൽ നടത്തുന്നതിനായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇന്ത്യയിലാദ്യമായി ട്രാൻസ്ജെന്റർ വിഭാഗത്തിനായി ഒരു നയം രൂപീകരിച്ച് നടപ്പാക്കിയത് കേരളത്തിലാണോ; എങ്കിൽ പ്രസ്തുത നയത്തിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | (ബി) ഇന്ത്യയിലാദ്യമായി ട്രാൻസ്ജെൻഡർ വിഭാഗത്തിനായി ട്രാൻസ്ജെൻഡർ പോളിസി രൂപീകരിച്ച് നടപ്പാക്കിയ സംസ്ഥാനം കേരളമാണ്. 2015ലാണ് ട്രാൻസ്ജെൻഡർ പോളിസി നിലവിൽ വന്നിട്ടുള്ളത്.ട്രാൻസ്ജെൻഡർ പോളിസിയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ട്രാൻസ്ജെന്റർ വിഭാഗത്തിന്റെ ക്ഷേമത്തിനായി നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദീകരിക്കാമോ; | (സി) | (സി) ട്രാൻസ്ജെൻഡർ ക്ഷേമത്തിനായി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു. 1. തിരിച്ചറിയൽ കാർഡ് വിതരണം ഒരു വ്യക്തിക്ക് തന്റെ വ്യക്തിത്വം തെളിയിക്കുന്നതിനു വേണ്ടി അടിസ്ഥാനപരമായി ഉണ്ടാകേണ്ട രേഖയാണ് തിരിച്ചറിയൽ കാർഡ്. എന്നാൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തങ്ങളുടെ സ്വത്വം വെളിപ്പെടുത്തുന്നതിനായി യാതൊരു രേഖയും നിലവിലില്ലാത്ത സാഹചര്യത്തിൽ സാമൂഹ്യനീതി വകുപ്പ് മുഖേന 640 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ട്. 2. സമന്വയ തുടർവിദ്യാഭ്യാസ പദ്ധതി പാതി വഴിയിൽ വിദ്യാഭ്യാസം ഉപേക്ഷിക്കേണ്ടി വന്ന മുഴുവൻ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും തുടർ വിദ്യാഭ്യാസം സാധ്യമാക്കുന്നതിനായി കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി മുഖേന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിൻ പ്രകാരം തുല്യതാ പരീക്ഷ എഴുതുന്നതിന് സന്നദ്ധരായ 914 പേരെ കണ്ടെത്തുകയും അവർക്ക് തുടർ വിദ്യാഭ്യാസം നല്കുന്നതിനുമായുള്ള പദ്ധതികൾ നടപ്പിലാക്കി വരികയും വരുന്നു. 3. ബോധവൽക്കരണ പരിപാടികൾ സംസ്ഥാനത്താകമാനം പോലീസ് ഉദ്യോഗസ്ഥരെയും, സർക്കാർ ജീവനക്കാരെയും, അധ്യാപകരെയും ഉൾപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ ജില്ലാതലത്തിൽ നടന്നു വരുന്നു. സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നും 5 സ്കൂളുകളും കോളേജുകളും തിരഞ്ഞെടുത്തു വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്. 4. ട്രാൻസ്ജെൻഡർ സ്കോളർഷിപ്പ് വിദ്യാഭ്യാസപരമായി വളരെയധികം പിന്നോക്കം നില്ക്കുന്ന വിഭാഗമെന്ന നിലയിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് കൂടുതൽ പരിഗണന നല്കേണ്ടതിന്റെ ആവശ്യകത ഏറെ കൂടുതലാണ്. നിലവിൽ സ്കൂളുകളിൽ/കോളേജുകളിൽ പഠനം നടത്തിക്കൊണ്ടിരിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് ഇനത്തിൽ ധനസഹായം നല്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം സ്കൂൾ തലം മുതൽ പ്രൊഫഷണൽ ഡിഗ്രി തലം വരെയുള്ള ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഈ ധനസഹായം ലഭിക്കുന്നതാണ്. സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000 രൂപയും കോളേജ് വിദ്യാർത്ഥികൾക്ക് പ്രതിമാസം 2000 രൂപയും ആണ് സ്കോളർഷിപ്പ് തുക. 5. സംരംഭകത്വ വികസന പരിശീലന പരിപാടി സംസ്ഥാനത്തെ |

ട്രാൻജെൻഡർ സമൂഹത്തിന് അവസരങ്ങളും അവകാശങ്ങളും ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻനിർത്തി അതിജീവനത്തിന് ഇവരെ പ്രാപ്തരാക്കുന്നതിനായി സംരഭകത്വ വികസന പരിശീലന പരിപാടി സർക്കാർ സ്ഥാപനമായ C-STED മുഖേന നടപ്പിലാക്കി വരുന്നു. 6. കെയർ ഹോമുകൾ/സേഫ്റ്റി ഹോമുകൾ സംസ്ഥാനത്ത് വിവിധ കമ്മ്യൂണിറ്റി ബേസ്ഡ് ഒർഗനൈസേഷൻ മുഖേന പ്രവർത്തിച്ച വന്നിരുന്ന 5 കെയർ ഹോം / സേഫ്റ്റി ഹോമുകൾ കാലാവധി പൂർത്തീകരിച്ചതിനാൽ പ്രവർത്തനം അവസാനിപ്പിച്ചിരുന്നു. നിലവിൽ NGO കൾ മുഖേന സംസ്ഥാനത്ത് 2 കെയർ ഹോമുകൾ പ്രവർത്തിച്ച് വരുന്നു. എറണാകുളം ജില്ലയിൽ സ്നേഹജ്യോതി ചാരിറ്റബിൾ ട്രസ്റ്റിന്റെ കീഴിൽ ട്രാൻസ് വുമൺ വ്യക്തികൾക്കും തിരുവനന്തപുരം ജില്ലയിൽ മാർത്തോമ നവോദയ മൂവ്മെന്റ് സൊസൈറ്റിയുടെ കീഴിൽ ട്രാൻസ് മെൻ വ്യക്തികൾക്കുമാണ് കെയർ ഹോമുകൾ ഉള്ളത്. 30 വ്യക്തികൾക്ക് വരെ ഒരേ സമയം താമസിക്കുന്നതിനുള്ള സൗകര്യം 2 ഹോമുകളിലും ഒരുക്കിയിട്ടുണ്ട്. 7. സീറോ എച്ച് .ഐ.വി സർവൈലൻസ് സെന്റർ HIV വിമുക്തമായ ഒരു സമൂഹം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യ ക്ഷേമ ബോർഡ് വഴി തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം സെന്ററിന്റെ പ്രവർത്തനം എറണാകുളം,കാസർകോട് ജില്ലകളിലും കൂടി ആരംഭിച്ചിട്ടുണ്ട്. 8. 24*7 ഹെല്പ് ലൈൻ ട്രാൻസ്ജെൻഡർ വ്യക്തികൾക്കു നേരെ നടക്കുന്ന അതിക്രമങ്ങൾ കാര്യക്ഷമമായി ക്രോഡീകരിക്കാനും, വേണ്ട തരത്തിൽ നിയമ നടപടികൾ കൈക്കൊള്ളാനുമായി സാമൂഹ്യ നീതി വകുപ്പിന്റെ മേൽനോട്ടത്തിൽ 24*7 ട്രാൻജെൻഡർ ഹെല്പ് ലൈൻ ആരംഭിച്ചിട്ടുണ്ട്. 9. ബ്യൂട്ടിഷ്യൻ പദ്ധതി ധ്വയ ട്രാൻസ്ജെൻഡേഴ്സ് ആർട്സ് ആൻഡ് ചാരിറ്റബിൽ സൊസൈറ്റി മുഖേന ട്രാൻജെൻഡർ വ്യക്തികൾക്കായി മൂന്നു മാസത്തെ ബ്യൂട്ടീഷ്യൻ പരിശീലനം നടത്തിയിരുന്നു. 10. തയ്യൽ മെഷീൻ വിതരണ പദ്ധതി ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വന്തമായി തൊഴിൽ ചെയ്ത് ജീവനോപാധി കണ്ടെത്തുന്നതിനുള്ള ലക്ഷ്യം മുൻനിർത്തി തയ്യൽ പഠിച്ച് പ്രവർത്തിപരിചയമുള്ള ട്രാൻസ്ജൻഡർ വ്യക്തികൾക്ക് തയ്യൽ മെഷീൻ വിതരണം ചെയ്യുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട് 11.ലിംഗമാറ്റ

ശസ്ത്രക്രിയയ്ക്കുള്ള ധനസഹായം(എസ്സ്.ആർ.എസ്സ്) പുരുഷനിൽ നിന്നും സ്ത്രീയിലേക്കും സ്ത്രീയിൽ നിന്നും പുരുഷനിലേക്കും ഉണ്ടാകുന്ന ശാരീരിക മാറ്റത്തിന് ലിംഗമാറ്റ ശസ്ത്രക്രിയ അനിവാര്യമാണ്. 2018 -19 മുതൽ 2019-20 വർഷം വരെ പരമാവധി രണ്ടു ലക്ഷം രൂപ വീതമാണ് ഓരോ വ്യക്തികൾക്കും ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കായി അനുവദിച്ചിരുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം ട്രാൻസ് മെൻ വ്യക്തികൾക്ക് പരമാവധി 5 ലക്ഷം രൂപ വരെയും, ട്രാൻസ് വുമൺ വ്യക്തികൾക്ക് പരമാവധി രണ്ടര ലക്ഷം രൂപ വരെയുമാണ് ധനസഹായം അനുവദിച്ചത്. 12. എസ്.ആർ.എസ് കഴിഞ്ഞ ട്രാൻസ്ജൻഡർ വ്യക്തികൾക്ക് പോഷകാഹാരത്തിനും തുടർചികിത്സയ്ക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതി എസ്.ആർ.എസ് കഴിഞ്ഞ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സർജറി കഴിഞ്ഞ് 12 മാസത്തേക്ക് പോഷകാഹാരം വാങ്ങുന്നതിനും മറ്റ അനുബന്ധ ചെലവുകൾക്കുമായി പ്രതിമാസം 3000/- രൂപാ നിരക്കിൽ 12 മാസകാലയളവിൽ അനുവദിച്ചു വരുന്നു. 13. സ്വയം തൊഴിൽ ധനസഹായം ട്രാൻസ്ജെൻഡർ വ്യക്തികളുടെ പുനരധിവാസം ഉറപ്പാക്കുന്നതിലേയ്ക്കായി തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് ഒരു വ്യക്തിക്ക് 50,000/- രൂപ ധനസഹായം അനുവദിച്ചു വന്നിരുന്നു. ആദ്യ ഘട്ടം എന്ന നിലയ്ക്ക് 63 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയം തൊഴിൽ ധനസഹായം നൽകിയിട്ടുണ്ട്. 14. വനിതാ വികസന കോർപ്പറേഷൻ വഴി സ്വയം തൊഴിലിനുള്ള വായ്പ പദ്ധതി ട്രാൻസ്ജൻഡർ വ്യക്തികൾക്ക് വ്യക്തിപരമായോ, സംഘം ചേർന്നോ തൊഴിൽ സംരംഭം തുടങ്ങുന്നതിനായിയുള്ള പദ്ധതിയാണ് ഇത്. വനിതാ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന പ്രസ്തുത പദ്ധതി പ്രകാരം സംരംഭകർക്കോ സംരംഭകത്വത്തിനോ പരമാവധി 3 ലക്ഷം രൂപ വരെ നല്കി വരുന്നു. 15.ഡ്രൈവിംഗ് പരിശീലനം സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയം തൊഴിൽ കണ്ടെത്തി ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിനായി ഡ്രൈവിംഗ് പരിശീലനം നൽകുന്ന പദ്ധതി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. 16. ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം/ താമസ സൗകര്യം കണ്ടെത്തുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതി സർക്കാർ/ എയ്ഡഡ്/ അൺഎയ്ഡഡ്/ സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങളിൽ പഠിക്കുന്ന ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം

നല്കുന്നതിനായി വകുപ്പ് ഈ പദ്ധതി നടപ്പിലാക്കുന്നു. അർഹരായ വിദ്യാർത്ഥികൾക്ക് പ്രതിമാസം 4000/- രൂപ എന്ന ക്രമത്തിലാണ് തുക അനുവദിക്കുന്നത്. 17.ട്രാൻസ്ജെൻഡർ ദമ്പതികൾക്ക് വിവാഹധനസഹായം നൽകുന്ന പദ്ധതി നിയമപരമായി വിവാഹം ചെയ്ത ട്രാൻസ്ജെൻഡർ ദമ്പതികൾക്ക് 30,000/- രൂപ പ്രസ്തുത പദ്ധതി പ്രകാരം ധനസഹായമായി ലഭ്യമാക്കുന്നു. 18. സഫലം പദ്ധതി ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഡിഗ്രി/ ഡിപ്ലോമ തലത്തിലുള്ള കോഴ്സുകൾ പഠിക്കുന്നതിനായി ഒരു ലക്ഷം രൂപ വരെ സാമ്പത്തിക ധനസഹായം അനുവദിക്കുന്ന പദ്ധതിതാണിത്. 19. സോഷ്യോ എക്കണോമിക്ക് സർവേ സെൻറർ ഫോർ മാനേജെൻറ് ഡെവലപ്പ്മെന്റ് മുഖേന കേരളത്തിലെ ട്രാൻസ്ജെൻഡർ വ്യക്തികളുടെ സാമൂഹിക സാമ്പത്തിക സർവേ ആരംഭിച്ചിട്ടുണ്ട്. 20. ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള കരിയർ ഡെവലപ്പ്മെന്റ് പ്രോഗ്രാം (E2-HUB) ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അവരുടെ അഭിരുചിക്കനുസരിച്ച് തൊഴിൽ കണ്ടെത്തി ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി E2-HUB Economic Empowerment Hub for Transgender Persons എന്ന പേരിൽ കരിയർ കോഴ്സ് സാമൂഹ്യ ക്ഷേമ ബോർഡ് മുഖേന നടപ്പിലാക്കി വരുന്നു. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വന്തമായി തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനോ അനുയോജ്യമായ തൊഴിൽ മേഖല കണ്ടെത്തി വിപുലീകരിക്കുന്നതിനോ ആവശ്യമായ ഗൈഡൻസ്, കൗൺസിലിംഗ് എന്നിവ നൽകികൊണ്ട് ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ട സാഹചര്യം ഒരുക്കുന്നതിന്റെ ഭാഗമായാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. 21. അഡ്വക്കസി ക്യാമ്പയിൻ ട്രാൻസ്ജെൻഡർ സമൂഹത്തെക്കുറിച്ചും ജെൻഡർ വ്യക്തികൾ അനുഭവിക്കുന്ന ശാരീരിക മാനസിക സംഘർഷത്തെക്കുറിച്ചും, പൊതു ഇടങ്ങളിൽ അനുഭവിക്കേണ്ടി വരുന്ന വിവേചന പരമായ ഇടപെടലുകൾ ലഘൂകരിക്കുന്നതിനും, പൊതു സമൂഹത്തിൽ നിലനില്ക്കുന്ന തെറ്റിദ്ധാരണകൾ മാറ്റുന്നതിനും വേണ്ട ഇടപെടലുകൾ വകുപ്പ് മുഖേന നടന്നു വരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനവ്യാപകമായി അഡ്വക്കസി ക്യാമ്പയിൻ നടത്തുന്നതിന് സി ഡിറ്റ് മുഖേന നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത ക്യാമ്പയിൻ വിവിധ മാധ്യമങ്ങൾ (പ്രിന്റ്, വിഷ്വൽ,സാമൂഹ്യ മാധ്യമങ്ങൾ ഉൾപ്പെടെ) വഴി വ്യാപക പ്രചരണം നടത്തുന്നതിന്

| | | | |
|---|---|---|---|
| | | | സജ്ജമാണ്. കൂടാതെ കോവിഡ്- 19 ന്റെ പശ്ചാത്തലത്തിൽ സാമൂഹ്യനീതി വകുപ്പ് മുഖേന സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു. 1. കോവിഡ്- 19 ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഒറ്റത്തവണ ധനസഹായമായി 1000/-രൂപ വീതം 409 വ്യക്തികൾക്ക് അനുവദിച്ചു. 2. കോവിഡ്- 19 ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ഹോർമോൺ ചികിത്സ തുടരാൻ കഴിയാതെ പോയ 96 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിന് 35000 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. 3. കോവിഡ്- 19 ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നേരിടുന്ന 2000 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ജില്ലാ സാമൂഹ്യ നീതി ഓഫീസുകൾ മുഖേന രണ്ട് ഘട്ടങ്ങളിലായി ഭക്ഷ്യ ധാന്യകിറ്റ് വിതരണം ചെയ്തിട്ടുണ്ട്. 4. കോവിഡ്- 19 ന്റെ പശ്ചാത്തലത്തിൽ താമസ സൗകര്യം ലഭ്യമല്ലാതിരുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സംസ്ഥാനത്ത് CBO കളുടെ കീഴിൽ പ്രവർത്തിച്ചിരുന്ന ഷെൽട്ടർ ഹോമുകളിൽ താമസ സൗകര്യം ഏർപ്പെടുത്തിയിരുന്നു. |
| (ഡി) | ട്രാൻസ്ജെന്റർ വിഭാഗത്തിന്റെ നൈപുണ്യവികസനത്തിനായി ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കാമോ? | (ഡി) | (ഡി) ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ നൈപുണ്യ വികസനത്തിനായി നടപ്പു സാമ്പത്തിക വർഷം പദ്ധതികൾ ആരംഭിച്ചിട്ടില്ല. 2018-19 സാമ്പത്തിക വർഷം C-STED എന്ന സർക്കാർ ഏജൻസി മുഖേന സംരംഭകത്വ വികസന പരിശീലന പരിപാടികൾ സംഘടിപ്പിച്ചിരുന്നു. 2019-20 സാമ്പത്തിക വർഷം ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി ഡ്രൈവിംഗ് പരിശീലനം, ബ്യൂട്ടീഷൻ പരിശീലനം, തയ്യൽ പരിശീലനം എന്നിവ നൈപുണ്യ വികസനത്തിന്റെ ഭാഗമായി നടപ്പിലാക്കിയിരുന്നു. 2021-22 സാമ്പത്തിക വർഷം ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള നൈപുണ്യ വികസനത്തിനായി പദ്ധതികൾ രൂപീകരിക്കുന്നതിന്റെ പ്രാരംഭ നടപടികൾ വകുപ്പു തലത്തിൽ പൂർത്തീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

T.G. Policy

## ഉള്ളടക്കം


I. പശ്ചാത്തലവും ആമുഖവും

II. കേരളത്തിലെ ട്രാൻസ്ജെന്റേഴ്സിന്റെ പ്രശ്നങ്ങളുടെ സംക്ഷിപ്തമായ വിശകലനം

(1) കാര്യപ്രാപ്തി, സാമ്പത്തികാവസരങ്ങൾ, വസ്തുവഹകൾ, സേവനങ്ങൾ തുടങ്ങിയവയുടെ ലഭ്യത.

(2) മാന്യതയ്ക്കുള്ള അവകാശവും ട്രാൻസ്ജെന്റേഴ്സനെതിരെയുള്ള അക്രമം.

(3) പ്രകടന സ്വാതന്ത്ര്യം.

III. കേരള ഗവൺമെന്റിന്റെ ട്രാൻസ്ജെന്റേഴ്സ് നയം

(അ) ട്രാൻസ്ജന്റേഴ്സ് നയത്തിന്റെ ഉദ്ദേശ്യവും ലക്ഷ്യവും

(ആ) നയസമീപനങ്ങൾ

(ഇ) നയം നടപ്പിൽ വരുത്തുന്നതിനുള്ള ഉത്തരവാദിത്വങ്ങളും ദൗത്യ വൈദഗ്ധ്യവും

(ഈ) നയം നടപ്പിൽ വരുത്തുന്നതിനുള്ള ക്രമീകരണങ്ങൾ

(ഉ) സംസ്ഥാന ജെൻഡർ നയത്തിന്റെ പരിണിതഫലങ്ങളെ പറ്റിയുള്ള നിരീക്ഷണവും വിലയിരുത്തലും


### കേരള ഗവൺമെന്റിന്റെ ട്രാൻസ്ജന്റേഴ്സിനു വേണ്ടിയുള്ള നയം, 2015

### I. പശ്ചാത്തലവും ആമുഖവും

1. ലിംഗ വ്യക്തിത്വത്തിന്റെ അടിസ്ഥാനത്തിൽ വിവേചനം നിരോധിച്ചുകൊണ്ട് ബഹുമാനപ്പെട്ട സുപ്രീം കോടതി (വിധിന്യായം തീയതി 19 ഏപ്രിൽ 2014) തുല്യതയ്ക്കുള്ള അവകാശവും തുല്യ സംരക്ഷണവും അനുച്ഛേദം 14(1), 15(2), 15(3)-ൽ കൃത്യമായി പ്രഖ്യാപിച്ചിട്ടുള്ളതാകുന്നു. അനുച്ഛേദം 15-ലും, 16-ലും ലിംഗം എന്ന പദത്തിന്റെ വ്യാപ്തി വിസ്തൃതമാകുന്നു. ഇത് അടുത്തിടവരെ ദ്വൈവിധ ലിംഗത്തിലുള്ള സ്ത്രീയോ, പുരുഷനോ ആയിട്ടും ട്രാൻസ്ജന്റേഴ്സ് 3-ാം ലിംഗമായിട്ടുമാണ് പരാമർശിച്ചിരുന്നത്. ട്രാൻസ്ജന്റേഴ്സിനെ ലിംഗഭേദത്തിന്റെ അടിസ്ഥാനത്തിൽ വിവേചിക്കപ്പെടരുതെന്ന് കോടതി സ്പഷ്ടമായി പ്രഖ്യാപിച്ചിരിക്കുന്നു.

2. എല്ലാ പൗരന്മാർക്കും അഭിപ്രായ സ്വാതന്ത്ര്യത്തിനും അഭിപ്രായ പ്രകടനത്തിനുമുള്ള അവകാശമുണ്ടെന്ന് ഭരണഘടനയുടെ അനുച്ഛേദം 19(1)[4] -ൽ പറയുന്നതായി, വിധി ന്യായത്തിൽ വിശദീകരിക്കുന്നു. ഇതിൽ ഒരാളുടെ സ്വന്തം ലിംഗത്തെ തിരിച്ചറിയപ്പെടുന്നതിനെ കുറിച്ച് പ്രകടിപ്പിക്കാനുള്ള അവകാശവും ഉൾപ്പെടുന്നു. വസ്ത്രധാരണം, വാക്കുകൾ, പ്രവർത്തികളോ പെരുമാറ്റമോ അല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിലൂടെയോ സ്വന്തം ലിംഗത്തെ തിരിച്ചറിയുന്നവന് ഭാവാവിഷ്കാരം നടത്തുവാൻ കഴിയും. ഭരണഘടനയുടെ അനുച്ഛേദം 19(2) -ന്റെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു വ്യക്തിയുടെ വ്യക്തിപരമായ ബാഹ്യരൂപം അല്ലെങ്കിൽ വസ്ത്രധാരണത്തിൽ നിയന്ത്രണം വരുത്താൻ കഴിയുകയില്ല. ട്രാൻസ്ജെന്റേഴ്സ് വിഭാഗങ്ങൾക്ക് ഉറപ്പു നൽകിയിട്ടുള്ള മൗലികാവകാശങ്ങളിൽ, സ്വകാര്യത, സ്വവ്യക്തിത്വം,

സ്വയം മണോവകാശം, വ്യക്തിപരമായ സമഗ്രത എന്നിവയെ അനുച്ഛേദത്തിൽ അംഗീകരിക്കുകയും ഗവൺമെന്റ് ഈ അവകാശങ്ങളെ സംരക്ഷിക്കുകയും അംഗീകരിക്കുകയും ചെയ്യാൻ ബാദ്ധ്യസ്ഥനാണെന്ന് ഊന്നൽ നൽകുകയും ചെയ്യുന്നു.

3. ഇതിനുപുറമേ ട്രാൻസ്ജെന്റേഴ്സിന്റെ ലിംഗ വ്യക്തിത്വത്തിന് പൂർണ്ണമായി നിയമപരമായ അംഗീകാരം കേന്ദ്രഗവൺമെന്റും സംസ്ഥാന ഗവൺമെന്റും അനുമതി നൽകണമെന്ന് വിധിന്യായത്തിൽ നിർദ്ദേശിക്കുന്നു. പുരുഷനും, സ്ത്രീക്കും, മൂന്നാം ലിംഗക്കാർക്കും, സാമൂഹികമായും, വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന ട്രാൻസ്ജെന്ററായ വ്യക്തികൾക്കും തൊഴിൽ മേഖലയിലും പൊതു വിദ്യാഭ്യാസത്തിലും സംവരണം വ്യാപ്തമാക്കുന്നതിനും, മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമായി എച്ച്.ഐ.വി. ബാധിതരായവരുടെ മേൽനോട്ടവും ഉചിതമായ ആരോഗ്യ സൗകര്യങ്ങളും ഒരു വ്യക്തിയുടെ സ്വയം തിരിച്ചറിയപ്പെടുന്ന ലിംഗഭേദത്തിനുള്ള നിയമപരമായ അംഗീകാരത്തിൽ ഇവയെല്ലാം ഉൾപ്പെടുന്നു.

4. ഇതിനും പുറമേ, ട്രാൻസ്ജെന്റേഴ്സ് മൂന്നാം ലിംഗമായി പ്രഖ്യാപിക്കണമെന്നും ട്രാൻസ്ജെന്റേഴ്സിന് സ്ത്രീയോ, പുരുഷനോ. ട്രാൻസ്ജെന്റർ ആയോ തിരിച്ചറിയപ്പെടാനുള്ള സ്വാതന്ത്ര്യമുണ്ടെന്നും അതുപോലെ സ്വതന്ത്രമായി ശസ്ത്രക്രിയയോ അല്ലെങ്കിലോ ഹോർമോൺ മുഖേനയോ ട്രാൻസ്ജെന്റർ ആയി തിരിച്ചറിയപ്പെടാനുള്ള സ്വാതന്ത്ര്യമുണ്ടെന്നും ട്രാൻസ്ജെന്ററുമായ ബന്ധപ്പെട്ട വിഷയങ്ങൾ മിനിസ്ട്രി ഓഫ് സോഷ്യൽ ജസ്റ്റിസ് ആന്റ് എംപവർമെന്റിന്റെ വിദഗ്ദ്ധരായവരുടെ കമ്മിറ്റി രൂപീകരിച്ച റിപ്പോർട്ടിൽ നിർദ്ദേശിക്കുന്നു. നാമകരണത്തിനായി ട്രാൻസ്ജെന്റർ എന്ന് പ്രയോഗിക്കണമെന്നും അതിനുവേണ്ടി മറ്റുള്ളവർ അല്ലെങ്കിൽ മറ്റുള്ളവ എന്ന് നാമകരണത്തിനായി ഉപയോഗിക്കപ്പെടരുത്. കൂടാതെ ജില്ലാ കളക്ടർ, അല്ലെങ്കിൽ ജില്ലാ മജിസ്ട്രേറ്റും. ജില്ലാ സാമൂഹ്യക്ഷേമ ഉദ്യോഗസ്ഥൻ, സൈക്കോളജിസ്റ്റ്, മനഃശാസ്ത്രജ്ഞൻ, സാമൂഹ്യസേവനം ചെയ്യുന്ന ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെട്ട രണ്ട് പ്രതിനിധികളും അതേ വിഭാഗത്തിൽപ്പെട്ട മറ്റു വ്യക്തികളോ അല്ലെങ്കിൽ അതേ വിഭാഗത്തിൽപ്പെട്ട സ്റ്റേറ്റ് ഗവൺമെന്റ് / യു.ടി. അഡ്മിനിസ്ട്രേറ്റിവ്‌-നെ ഉചിതമെന്ന് തോന്നുന്ന ഉദ്യോഗസ്ഥർ എന്നിവർ, ഒരു ജില്ലാതല സ്ക്രീനിംഗ് കമ്മറ്റി ശുപാർശ ചെയ്ത്, നേതൃത്വം നൽകി, ഒരു നിയമപരമായ അധികാരമുള്ള സംസ്ഥാനതല അതോറിറ്റി സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ട്രാൻസ്ജെന്റേഴ്സ് ആയവർക്ക് നൽകണമെന്നും നിർദ്ദേശിക്കുന്നു. ആധാർ കാർഡ്, ജനന സർട്ടിഫിക്കറ്റ്, പാസ്പോർട്ട്, റേഷൻകാർഡ് തുടങ്ങിയ ഔദ്യോഗിക രേഖകളിൽ ലിംഗത്തെ സൂചിപ്പിക്കുന്നതിന് നൽകപ്പെടുന്ന എല്ലാ സർട്ടിഫിക്കറ്റുകളും റിപ്പോർട്ടുകളും എല്ലാ അധികാരികളും സ്വീകാര്യമാക്കേണ്ടതാണ്.

## III. കേരളത്തിലെ ട്രാൻസ്ജെന്റേഴ്സിന്റെ പ്രശ്നങ്ങളുടെ സംക്ഷിപ്ത വിശകലനം

5. ആരോഗ്യപരിചരണം നടത്തുന്നവർ, പോലീസ് ഉദ്യോഗസ്ഥർ, ഭൂവുടമകൾ, ഹോട്ടൽ ഫ്രണ്ട് ഡെസ്ക്, എമർജൻസി റൂമുകൾ, മാർക്കറ്റുകളും ഷോപ്പുകളും, മറ്റു സേവനദാതാക്കൾ തുടങ്ങിയവരും പരുഷവും, നിഷേധാത്മകവുമായ ജോലി സ്ഥലങ്ങൾ, സ്കൂളുകളിലെ വിദ്യാഭ്യാസത്തിനും, അതേതിനുമുള്ള വാഗ്ദാനങ്ങൾ, അവരുടെ കുടുംബത്തിലും, വീടുകളിലും, എല്ലായിടത്തും ട്രാൻസ്ജെന്റേഴ്സ് അനീതികൾ നേരിടുന്നു.

6. വ്യക്തിപരവും, സാമൂഹികവുമായി ജീവിതത്തിന്റെ എല്ലാ വശങ്ങളിലും ട്രാൻസ്ജെന്റേഴ്സ് അഭിമുഖീകരിക്കുന്ന വിഷയങ്ങളെ കുറിച്ചുള്ള വിവരങ്ങൾ മനസ്സിലാക്കുന്നതിനായി

സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റ് സംസ്ഥാന വ്യാപകമായി ഒരു സർവ്വേ നടത്തി. ചുവടെ പറയുന്ന കാര്യങ്ങളാണ് സർവ്വേയിൽ ചോദ്യങ്ങളായി ഉൾപ്പെടുത്തിയത്.

(A) അടിസ്ഥാന വിവരങ്ങൾ

(B) ഒരാളുടെ ശരീരത്തെ കുറിച്ചുള്ള അവബോധം.

(C) സാധാരണ പൗരന്റെ അവകാശങ്ങൾ

(D) ആത്മാഭിമാനം

(E) ആരോഗ്യസേവനങ്ങളുടെ ലഭ്യത

(F) ആക്രമണങ്ങളിൽ നിന്ന് മോചനവും അന്തസ്സോടും ജീവിക്കാനുള്ള കരുത്ത്.

ഇതിനും പുറമെ അവരുടെ അഭിലാഷങ്ങൾ, ആവശ്യങ്ങൾ, മുൻഗണനകൾ തുടങ്ങിയവയും മനസ്സിലാക്കുന്നതിനായി പൊതുവായ കാര്യങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. അഭിപ്രായങ്ങൾ രേഖപ്പെടുത്തിയവ 4000 ട്രാൻസ്ജെന്റേഴ്സിന് 63% ട്രാൻസ്ജന്റേഴ്സ് സ്ത്രീകളെ വിവാഹം ചെയ്തവരും, 99% പുരുഷന്മാരിൽ നിന്ന് സ്ത്രീയായവരുമാണ്. സ്നോ ബോളിംഗ് ടെക്നിക്കുകളെ അടിസ്ഥാനമാക്കി 2500 -ൽ കൂടുതൽ ട്രാൻസ്ജെന്റേഴ്സ് സംസ്ഥാനത്തുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഈ സർവ്വെയുടെ മുഖ്യമായ കണ്ടെത്തലുകൾ ചുവടെ കൊടുത്തിരിക്കുന്നു.

1. കാര്യപ്രാപ്തി, സാമ്പത്തികാവസരങ്ങൾ, വസ്തുവഹകൾ, സേവനങ്ങൾ എന്നിവ ലഭ്യമാകുന്നതിനും

- പത്താംതരം പൂർത്തിയാക്കുന്നതിനു മുമ്പേ 58% ട്രാൻസ്ജെന്റേഴ്സ് വിദ്യാർത്ഥികൾ പഠനം ഉപേക്ഷിച്ചു. (24% ട്രാൻസ്ജെന്റേഴ്സ് വിദ്യാർത്ഥികൾ 9-ാം തരം പൂർത്തിയാക്കുന്നതിനു മുമ്പേ പഠനം ഉപേക്ഷിച്ചു.) ഇതിനുള്ള കാരണങ്ങൾ ഉൾപ്പെടുത്തുന്നു.
- കർക്കശമായ പീഢനത്താൽ പഠിക്കാൻ പറ്റാത്തവർ
- ലിംഗഭേദത്തെ സംബന്ധിച്ച് സ്കൂളിൽ വച്ചുണ്ടായ വിപരീതാനുഭവങ്ങൾ
- ദാരിദ്ര്യം / പ്രത്യേക വിദ്യാഭ്യാസാനുകൂല്യത്തിന്റെ അല്ലെങ്കിൽ സംവരണത്തിന്റെ അഭാവം
- 44% പേർക്ക് അവരുടെ ശരീരവും ലിംഗ വ്യക്തിത്വവും തമ്മിലുള്ള പൊരുത്തക്കേട് മൂലമുള്ള സങ്കോചം
- 8% പേർക്ക്, അവരുടെ വ്യക്തിത്വം മാറ്റുന്നതിനാഗ്രഹിക്കുന്നുവെങ്കിലും അവരുടെ നൈസർഗ്ഗികമായ രൂപഘടനയ്ക്കാവശ്യമായ മാറ്റത്തിന് മറ്റാരും പിന്തുണ നൽകുന്നില്ല.
- 91% പേർ മരുന്നോ, ശസ്ത്രക്രിയ മുഖേനയോ നൈസർഗ്ഗികമായ രൂപമാറ്റം വരുത്തുന്നില്ല.
- 41% വരുന്ന ട്രാൻസ്ജെന്റർ ആയ ആളുകൾ അവരുടെ ലിംഗഭേദത്തെ കുറിച്ച് വെളിപ്പെടുത്തിയാൽ അവരെ ആരും അംഗീകരിക്കുകയില്ല എന്ന് കരുതുന്നു.
- 52% പേർ ശാരീരികമായ രൂപമാറ്റം വരുത്തണമെന്ന് ആഗ്രഹിക്കുന്നു.

III. കേരളത്തിലെ ഗവൺമെന്റിന്റെ ട്രാൻസ്ജെന്റേഴ്സ് നയം

6. സമൂഹത്തിൽ നേരിടേണ്ടി വരുന്ന അപമാനവും വിവേചനവുമാണ് ട്രാൻസ്ജെന്റേഴ്സിന്റെ പ്രശ്നങ്ങൾക്ക് തുടക്കം കുറിക്കുന്നതും, തത്ഫലമായി അവർ സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയപരവുമായ വൃത്തത്തിൽ നിന്നും വേർതിരിക്കപ്പെടുന്നു . സമൂഹത്തിൽ നിന്ന് പുറന്തള്ളപ്പെട്ടു നിൽക്കുന്നവരാണിവർ. ട്രാൻസ്ജെന്റേഴ്സിന്റെ ആവശ്യങ്ങൾ അനന്യമാണെങ്കിലും അവർ സമൂഹത്തിന് അവഗണിക്കപ്പെട്ടവരും കാഴ്ചയിൽ മറയ്ക്കപ്പെട്ടവരുമാണ്. വ്യവസ്ഥാനുസരണമുള്ള അനീതിയുടെ കാഴ്ചപ്പാടിൽ, അവരുടെ തുല്യമായ അവകാശങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിൽ നിന്ന് ഈ പിന്നോക്ക വിഭാഗങ്ങൾ തടയപ്പെടുകയും, രണ്ടാംകിട പൗരന്മാരായി സമൂഹത്തിൽ ജീവിക്കേണ്ടതായും വരുന്നു. ട്രാൻസ്ജെന്റേഴ്സിനുവേണ്ടി സ്റ്റേറ്റ് ഗവൺമെന്റ് നയങ്ങളുണ്ടാക്കുകയും ഭരണഘടനാപരമായ അവരുടെ അവകാശങ്ങൾ നടപ്പിലാക്കുവാനും സുപ്രീം കോടതി വിധിന്യായങ്ങളും കേരള സ്റ്റേറ്റ് സർവ്വേയുടെ കണ്ടെത്തലുകളും കണക്കിലെടുത്ത് ഈ സാഹചര്യത്തെ ഭേദതി ചെയ്യുന്നു.

7. ഈ പോളിസി സ്ത്രീയിൽ നിന്നോ പുരുഷനായവരെയോ, പുരുഷനിൽ നിന്ന് സ്ത്രീയായവരെയോ, ഇന്റർ സെക്സ് ആയവർക്കോ മാത്രമല്ല ട്രാൻസ്ജെന്റേഴ്സ് വിഭാഗത്തിലെ എല്ലാവരെയും ഉൾപ്പെടുത്തും. വിധിന്യായത്തിൽ പ്രസ്താവിച്ചിരിക്കുന്നതുപോലെ, പുരുഷനായോ, സ്ത്രീയായോ അല്ലെങ്കിൽ ട്രാൻസ്ജെന്റേഴ്സായിട്ടുള്ളയോ ആയി സ്വയം തിരിച്ചറിയപ്പെടുന്ന വ്യക്തികളുടെ അവകാശങ്ങളെ കുറിച്ചാണ് ഈ നയത്തിൽ പ്രാമുഖ്യം കൊടുക്കുന്നത്.

8. കേരളത്തിൽ സാമൂഹിക–സാമ്പത്തിക പശ്ചാത്തലത്തിൽ തിരഞ്ഞെടുക്കപ്പെട്ട മേഖലകളുടെ മുൻഗണന, പോളിസി നടപ്പിൽ വരുത്താനുള്ള പ്രക്രിയകൾ, സമീപനങ്ങൾ, അതിന്റെ ലക്ഷ്യങ്ങൾ എന്നിവയെല്ലാം കേന്ദ്ര ഗവൺമെന്റിന്റെ ട്രാൻസ്ജെന്റേഴ്സിനു വേണ്ടിയുള്ള പോളിസിയിൽ പ്രസ്താവിച്ചിരിക്കുന്നു. കേരളത്തിൽ ട്രാൻസ്ജെന്റേഴ്സിനു വേണ്ടിയുള്ള പുരോഗമനപരമായ ഇടപെടലുകൾ വിസ്തൃതമായി ഈ ചട്ടക്കൂട്ടിനുള്ളിൽ ഉൾപ്പെടുത്തിക്കൊണ്ട് ഇത് വ്യക്തമാക്കുന്നു.

A. കേരളത്തിലെ ട്രാൻസ്ജെന്റേഴ്സിനുള്ള പോളിസിയും ഉദ്ദേശലക്ഷ്യങ്ങളും

9. താഴെ പറയുന്ന നേട്ടങ്ങൾ കൈവരിക്കുന്നതിനായി പോളിസി സഹായിക്കുന്നു.

- സ്ത്രീകൾക്കും പുരുഷന്മാർക്കും ട്രാൻസ്ജെന്റേഴ്സിനും തുല്യമായ പുരോഗമനപരമായ അവസരങ്ങൾ, മാർഗ്ഗങ്ങൾ, ആനുകൂല്യങ്ങൾ എന്നിവയിൽ തുല്യമായ അവകാശങ്ങളുള്ള ഒരു സമൂഹം.

- എല്ലാവിധത്തിലുമുള്ള ആക്രമണങ്ങളിൽ നിന്നും സ്വതന്ത്രമായി ജീവിതം ആസ്വദിക്കുവാനും അന്തസ്സോടുകൂടി ജീവിക്കാനുമുള്ള അവകാശം.
- അവരെ ബാധിക്കുന്ന എല്ലാ വിഷയങ്ങളിലും അഭിപ്രായപ്രകടന സ്വാതന്ത്ര്യത്തിനുള്ള അവകാശം.
- അവരുടെ ജീവിതത്തെയും സമൂഹത്തെയും, ഭരണകൂടത്തെയും കരുപ്പിടിപ്പിക്കുന്ന പുരോഗമനപരമായ തീരുമാനങ്ങളിൽ തുല്യപങ്കാളിത്തത്തിനും അഭിപ്രായത്തിനുമുള്ള അവകാശം.

ഗവൺമെന്റിന്റെ ട്രാൻസ്ജെന്റേഴ്സ് പോളിസിയിലെ വിശദീകരണങ്ങളുടെ ഫലങ്ങൾ മാതൃക (1)-ൽ കൊടുത്തിരിക്കുന്നു.

പടം

| | |
|---|---|
| സാമൂഹികവും സാമ്പത്തികവുമായ സേവനങ്ങൾക്കും വിഭവങ്ങൾക്കും മേലുള്ള തുല്യമായി സമീപിക്കാനുള്ള അവകാശം<br>വിദ്യാഭ്യാസം, ആരോഗ്യവും പൊതു നിയമനങ്ങൾ ഇവക്കു മേൽ ഉള്ള മാതൃകാനുസാരമായ വിവേചനം<br>സമത്വത്തിനുള്ള അവകാശം | നിയമത്തിനുകീഴിൽ സമ്പൂർണ്ണമായ പെരുമാറ്റത്തിനുള്ള അവകാശം<br>അഹിംസാപൂർണ്ണവും മഹത്വപൂർണ്ണമായ ജീവിതത്തിനുള്ള അവകാശം<br>അഹിംസാപൂർണ്ണമായ ഒരു ജീവിതത്തിനുള്ള അവകാശം |
| സ്വയം തിരിച്ചറിയലിനുള്ള അവകാശം<br>അഭിപ്രായ പ്രകടനത്തിനുള്ള സ്വാതന്ത്ര്യം<br>വസ്ത്രം ധരിക്കുന്നതിനുള്ള അവകാശം<br>തനിക്കിഷ്ടമുള്ള ജോലി തിരഞ്ഞെടുത്ത് പ്രവർത്തിക്കുന്നതിനും, ഇഷ്ടമുള്ള മതം പ്രചരിപ്പിക്കുന്നതിനുമുള്ള അവകാശം | വികസനകാര്യത്തിൽ തുല്യ അഭിപ്രായത്തിനും പങ്കെടുപ്പിനും വേണ്ടിയുള്ള അവകാശം<br>വികസനത്തിൽ പങ്കെടുത്ത് അതിന്റെ ഫലം അനുഭവിക്കാനുള്ള അവകാശം<br>തീരുമാനങ്ങൾ എടുക്കുന്നതിനായുള്ള വിവിധ സമിതികളിൽ തുല്യ അവകാശം |

ആവിഷ്കാരം1: ട്രാൻസ്ജെന്ററുകൾ പോളിസിയുടെ ഫലവുമായും സംബന്ധിച്ചുള്ള ഉപരേഖ

| പട്ടിക 1: നയോപായങ്ങളും ഉത്തരവാദിത്വങ്ങളും | | |
|---|---|---|
| അവകാശം | പ്രവർത്തനങ്ങൾ | ഉത്തരവാദിത്വം |
| തുല്യതയ്ക്കുള്ള അവകാശം | • എല്ലാ സർക്കാർ സ്ഥാപനങ്ങളും പൊതു ഭരണാധികാരികളും വിവേചനമില്ലാതെ പ്രവർത്തിക്കുക | എല്ലാത്തിനുള്ള ഉത്തരവാദിത്വം: പ്രധാനപ്പെട്ട ഏജൻസികളിൽ നിന്നുള്ള വാർഷിക റിപ്പോർട്ട് ട്രാൻസ്ജെന്റേഴ്സ് ജസ്റ്റിസ് ബോർഡ് ആവശ്യപ്പെടും |
| | • പൊതു വിദ്യാഭ്യാസം പൊതു ഗതാഗതം, ആരോഗ്യം, സാമൂഹിക സുരക്ഷ, മറ്റ് സേവനങ്ങൾ എന്നിവയുടെ ലഭ്യത | മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുക |
| | • ഗവൺമെന്റ് ഏജൻസികൾ, [illegible] ഉൾപ്പെടുന്നതുമായ ഭരണാധികാരമുള്ള പൊതുസ്ഥലങ്ങൾ, ട്രാൻസ്ജെന്റേഴ്സിന് ഉപയോഗിക്കാനുള്ള തുല്യമായ അവകാശം ഉറപ്പു വരുത്തുക | എല്ലാ ഗവൺമെന്റ് ഏജൻസികളും |
| | • എല്ലാ സേവനങ്ങളുടെയും ലഭ്യത ഉറപ്പു വരുത്തുന്നതിനായി, സേവനങ്ങൾക്കു വേണ്ടിയുള്ള എല്ലാ അപേക്ഷാ ഫോമുകളിലും തൊഴിൽ മേഖലയിലും, മറ്റാനുകൂല്യങ്ങളിലും ട്രാൻസ്ജെന്റേഴ്സിനെ മൂന്നാം ലിംഗമായി പരിഗണിക്കുക | ഓരോ സേവനങ്ങളും അല്ലെങ്കിൽ ആനുകൂല്യങ്ങളും |
| അഭിപ്രായ സ്വാതന്ത്ര്യം | • ട്രാൻസ്ജെന്റേഴ്സുകൾ നേരിടേണ്ടി വരുന്ന ആക്രമണങ്ങൾ, വിവേചനം, അപമാനം എന്നിവയെ സംബോധന ചെയ്യുക<br>• ട്രാൻസ്ജെന്റേഴ്സിനെ ശിക്ഷിക്കുന്നതിനെതിരെയും, അവരുടെ സ്വഭാവ രീതികളിലും, ക്രോസ് ഡ്രസ്സിംഗിലും, മറ്റുള്ളവരാൽ പീഢിപ്പിക്കുന്നതിനെതിരെയും മുൻകരുതലുകൾ എടുക്കുക<br>ട്രാൻസ്ജെന്റേഴ്സിന്റെ സാംസ്കാരിക കലാപരിപാടികൾ പ്രോത്സാഹിപ്പിക്കുക<br>• കലാപരമായ കഴിവുകൾ വളർത്തുന്നതിനാവശ്യമായ അവസരങ്ങൾ ഉണ്ടാക്കുക. അതുപോലെതന്നെ രാജ്യത്ത് മറ്റ് ഉത്സവാഘോഷങ്ങളിൽ തുല്യമായ പങ്കാളിത്വത്തിനുള്ള അവസരങ്ങൾ ലഭ്യമാക്കുക | • നിയമ വകുപ്പുകൾ, പോലീസ്, നീതിന്യായ വകുപ്പുകൾ, ഉദ്യോഗസ്ഥർ എന്നിവർ അവരുടെ തൊഴിലാളികൾക്കും കോൺട്രാക്ടർമാർക്കും അവബോധം സൃഷ്ടിക്കുന്നതിനായി നടപടികൾ സ്വീകരിക്കുക<br>• സാംസ്കാരിക വകുപ്പ്<br>• ടൂറിസം ഡിപ്പാർട്ട്മെന്റ് |
| അക്രമങ്ങൾ ഇല്ലാത്ത ജീവിതവും മാന്യതയ്ക്കുള്ള അവകാശവും | ട്രാൻസ്ജെന്റേഴ്സിന്റെ അനിവാര്യമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായിട്ടുള്ള നിയമപരമായ ആവശ്യങ്ങൾ<br>• അക്രമത്തിനും വിവേചനത്തിനും എതിരായി നിവാരണമാർഗ്ഗം തേടുന്ന ട്രാൻസ്ജെന്റേഴ്സിന് നിയമസഹായം നൽകുക | • നിയമവകുപ്പും ട്രാൻസ്ജെന്റേഴ്സും ജസ്റ്റിസ് ബോർഡും<br>• ഹോം ഡിപ്പാർട്ട്മെന്റ്<br>• ഡയറക്ടർ ജനറൽ ഓഫ് പോലീസ് |

| | | |
|---|---|---|
| | • ട്രാൻസ്ജെന്റേഴ്സിനെതിരായിട്ടുള്ള കുറ്റങ്ങൾ രേഖപ്പെടുത്തുന്നതിനും സമാഹരിക്കുന്നതിനും എല്ലാ പോലീസ് സ്റ്റേഷനുകളും ചട്ടങ്ങൾ ഭേദഗതി ചെയ്യുക<br>• [illegible] ന്റെയും [illegible] ന്റെയും ട്രാൻസ്ജെന്റേഴ്സിനുവേണ്ടി പ്രവർത്തിക്കുന്നവർ, സഹായത്തോടെ സാമൂഹ്യനീതിവകുപ്പ് നടത്തുന്ന ക്രൈസിസ് മാനേജ്മെന്റ് സെന്ററും ട്രാൻസ്ജെന്റർ ഹെൽപ് ലൈനും<br>• ലിംഗനിർണ്ണയത്തിൽപ്പെടാത്ത കുട്ടികളെ ദുരുപയോഗം ചെയ്യുകയോ ഉപേക്ഷിക്കുകയോ ചെയ്യുന്ന മാതാപിതാക്കൾക്കെതിരെയും അസാന്മാർഗ്ഗികമായ കൺവേർഷൻ തെറാപ്പി നടത്തുന്ന ഡോക്ടേഴ്സിനെതിരെയും നടപടി സ്വീകരിക്കുക<br>• ലൈംഗികാക്രമണം, ലൈംഗിക പീഢനം, ശാരീരിക പീഢനം എന്നിവയിലുള്ള നിയമങ്ങളിൽ ട്രാൻസ്ജെന്റേഴ്സിനെ ഉൾപ്പെടുത്തുക. ലിംഗഭേദമനുസരിച്ചുള്ള ആക്രമണങ്ങളിൽ ട്രാൻസ്ജെന്റേഴ്സിന് അനുകൂലമായിട്ടാണോ നിയമനടപടികൾ എടുക്കുന്നത് എന്നത് സംസ്ഥാന ഗവൺമെന്റ് ഉറപ്പു വരുത്തേണ്ടതാണ്.<br>• ബാലനീതി നിയമത്തിൽ [illegible], ലിംഗം നിർണ്ണയിക്കപ്പെടാത്ത കുട്ടികളുടെ [illegible] പ്രശ്നങ്ങളും കൂടി അഭിസംബോധന ചെയ്യുന്ന തരത്തിൽ അനുയോജ്യമായ രീതിയിൽ ഭേദഗതികൾ വരുത്തേണ്ടതാണ്<br>• ട്രാൻസ്ജെന്റർ വ്യക്തികളുടെ മനുഷ്യാവകാശങ്ങൾ ലംഘിക്കപ്പെടുന്ന അവസരത്തിൽ കൃത്യവിലോപം നടത്തിയ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ക്രിമിനൽ അച്ചടക്ക നടപടികൾ കൈക്കൊള്ളുക<br>• വിവാഹം, സഹവർത്തിത്വം, സ്നേഹബന്ധം കൂടാതെ രക്ഷകർതൃത്വം എന്നിവയെ സംബന്ധിച്ച് ട്രാൻസ്ജെന്റർ വ്യക്തികളുടെ അവകാശങ്ങൾ സംരക്ഷിക്കുക<br>• ട്രാൻസ്ജെന്റർ വ്യക്തികൾക്ക് പ്രത്യേക ശൗചാലയ സൗകര്യങ്ങൾ ഏർപ്പെടുത്തുക | • തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ<br>• ട്രാൻസ്ജെന്റേഴ്സിനു വേണ്ടിയുള്ള സേവനങ്ങൾ കേൽസ വ്യാപിപ്പിക്കുക. |
| തൊഴിലിനുള്ള അവകാശം | • ട്രാൻസ്ജെന്റർ വ്യക്തികളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും അതുവഴി ഇവരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും ഉതകുന്ന രീതിയിലുള്ള തൊഴിൽ ആരംഭിക്കുന്നതിനായി ട്രാൻസ്ജെന്റേഴ്സ് വ്യക്തികൾക്ക് സ്വയം തൊഴിൽ ഗ്രാന്റുകൾ ലഭ്യമാക്കുക<br>• ട്രാൻസ്ജെന്റേഴ്സ് വ്യക്തികളുടെ പ്രശ്നങ്ങ | ലേബർ ഡിപ്പാർട്ട്മെന്റ് ആന്റ് ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റ് |

| | | |
|---|---|---|
| | ളുമായി ബന്ധപ്പെട്ട് പൊതുമേഖലയിലും സ്വകാര്യ മേഖലയിലും ഉള്ള സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും തൊഴിലുടമകൾക്കും അവബോധം നൽകുക. തൊഴിൽ പ്രവേശനം, നിലനിർത്തൽ ([illegible]) ഉദ്യോഗക്കയറ്റം, കൂടാതെ തൊഴിലാളി ക്ഷേമ പദ്ധതികൾ എന്നിവ വിവേചനരഹിതമാക്കാനുള്ള പ്രത്യേക പോളിസി രൂപീകരിച്ച് ഫലപ്രദമായി നടപ്പിലാക്കുക. തൊഴിൽ സ്ഥലത്തെ ലൈംഗിക അതിക്രമങ്ങളുമായി ബന്ധപ്പെട്ട പോളിസികളിലും ട്രാൻസ്ജെന്റർ വ്യക്തികളെ ഉൾപ്പെടുത്തി നിർമ്മിക്കുക | |
| തുല്യമായ വിദ്യാഭ്യാസ സേവനങ്ങൾക്കുള്ള അവകാശം | • ലിംഗം നിർണ്ണയിക്കപ്പെടാത്ത ([illegible]) വിദ്യാർത്ഥികൾ, ട്രാൻസ്ജെന്റർ വ്യക്തികൾ എന്നിവരുടെ പ്രശ്നങ്ങൾ അഭിസംബോധന ചെയ്യുന്നതിനായി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ / യൂണിവേഴ്സിറ്റികൾ എന്നിവ ട്രാൻസ്ജെന്റേഴ്സ് പോളിസി കൊണ്ടുവരുക. കൂടാതെ ട്രാൻസ്ജെന്റേഴ്സ് വിദ്യാർത്ഥികൾക്കെതിരായ എല്ലാത്തരത്തിലുമുള്ള വിവേചനങ്ങളും / പീഢനങ്ങളും തടയുന്നതിനായി ആന്റി ഡിസ്ക്രിമിനേഷൻ സെൽ രൂപീകരിക്കുക | |
| | • വിദ്യാഭ്യാസ സ്ഥാപനങ്ങളും / യൂണിവേഴ്സിറ്റികളും എന്നിവ അവരുടെ അപേക്ഷകളിലും രേഖകളിലും സ്ത്രീ, പുരുഷൻ എന്നി ഓപ്ഷനുകളോടൊപ്പം ട്രാൻസ്ജെന്റർ എന്ന ഓപ്ഷൻ കൂടി നൽകുക.<br>• അപ്പർ പ്രൈമറി തലം മുതൽക്കേ സ്കൂൾ കുട്ടികൾക്കിടയിൽ ട്രാൻസ്ജെന്റർ വ്യക്തികളെ കുറിച്ചുള്ള അവബോധം നൽകുക. | |

## ആരോഗ്യപരിരക്ഷക്കായുള്ള പദ്ധതി

| | | |
|---|---|---|
| ആരോഗ്യപരിരക്ഷക്കുള്ള സേവനങ്ങൾക്കായുള്ള തുല്യ അവകാശം | • രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജനയിൽ ട്രാൻസ്ജെന്റർ വ്യക്തികളെ ഉൾപ്പെടുത്തുകയും ഇവർക്ക് ഹെൽത്ത് ഇൻഷുറൻസ് നൽകുകയും ചെയ്യുക<br>• സമഗ്ര ആരോഗ്യ ഇൻഷുറൻസ് (ഇകെട) നു കീഴിലുള്ള ആനുകൂല്യങ്ങൾ ട്രാൻസ്ജന്റേഴ്സ്-ന്റെ സ്വയം സഹായ സംഘങ്ങൾക്കും, സൊസൈറ്റികൾക്കും ലഭ്യമാക്കുക. ട്രാൻസ്ജെന്റർ വ്യക്തികൾക്ക് ഹെൽത്ത് ഇൻഷുറൻസ് കാർഡ് നൽകുക<br>• ഗവൺമെന്റ് ആശുപത്രികളിൽ ലിംഗമാറ്റ ശസ്ത്രക്രിയ (ടെട) നടത്തുന്നതിനായുള്ള ധനസഹായം നൽകുക<br>• ട്രാൻസ്ജെന്റർ വ്യക്തികളുടെ പ്രവേശനം രജിസ്ട്രേഷൻ ഇവയ്ക്കായി എല്ലാ ഗവൺമെന്റ് ആശുപത്രികളിലും നയമുണ്ടാക്കുകയും അതോടൊപ്പം ട്രാൻസ്ജെന്റർ വ്യക്തികളെയും അവരുടെ ആരോഗ്യപ്രശ്നങ്ങളെയും സംബന്ധിച്ചുള്ള അവബോധവും പരിശീലനവും ആരോഗ്യസേവനദാതാക്കൾക്ക് (മൂല്യ ഘട്ടം) നൽകുക<br>• ട്രാൻസ്ജെന്റർ വ്യക്തികൾക്ക് വിവേചനരഹിതമായി ആരോഗ്യപരിരക്ഷാ സേവനങ്ങൾ നൽകുന്നതിനായി ആരോഗ്യ വിഭാഗം നേരിട്ട് നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. ഇതു മൂലം ഇവർക്ക് മടികൂടാതെ എല്ലാ ആശുപത്രികളെയും സമീപിക്കാൻ കഴിയും.<br>• ലിംഗമാറ്റവുമായി ബന്ധപ്പെട്ട് നിലവിൽ ലഭ്യമായിട്ടുള്ള വിവിധ ഓപ്ഷനുകൾ, ശസ്ത്രക്രിയക്കുശേഷം ശരിയായ രീതിയിലുള്ള ഫോളോ അപ്പുകൾ എന്നിവയുമായി ബന്ധപ്പെട്ട കൗൺസിലിംഗ് സേവനങ്ങൾ ട്രാൻസ്ജെന്റർ വ്യക്തികൾക്ക് നൽകേണ്ടതാണ്.<br>• ട്രാൻസ്ജെന്റർ വ്യക്തികൾ നേരിട്ടു കൊണ്ടിരിക്കുന്ന വിവിധങ്ങളായ ലൈംഗികാരോഗ്യ പ്രശ്നങ്ങളെ നേരിടുന്നതിനായി പ്രത്യേക സെറോ സർവൈലൻസ് കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്. | ഹെൽത്ത് ഡിപ്പാർട്ട്മെന്റ്, സാമൂഹ്യനീതി വകുപ്പ് |
| പങ്കാളിത്തത്തിനും അഭിപ്രായ പ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം | • ട്രാൻസ്ജെന്റർ വ്യക്തികളെ ബാധിക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുന്ന സമിതികളിൽ ട്രാൻസ്ജെന്റർ വ്യക്തികൾക്ക് തുല്യ | സാമൂഹ്യനീതി വകുപ്പ്, തദ്ദേശ സ്വയം ഭരണ സ്ഥാപനം |

| | | |
|---|---|---|
| | അവകാശം ഉണ്ടായിരിക്കും.<br>• ട്രാൻസ്ജെന്റർ വ്യക്തികളെ ബാധിക്കുന്ന തീരുമാനങ്ങൾ കൈകൊള്ളുന്ന സമിതികളിൽ ട്രാൻസ്ജെന്റർ വ്യക്തികൾക്കായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അതാതു പ്രദേശത്തെ ട്രാൻസ്ജെന്റർ വ്യക്തികളുടെ ജനസംഖ്യക്കനുസൃതമായി അഭയ കേന്ദ്രങ്ങൾ നിർമ്മിക്കുക. | |
| | • ട്രാൻസ്ജെന്റർ വ്യക്തികളെ ഇന്ദിര ആവാസ് യോജന മുതലായ ഭവനപദ്ധതികൾക്കു കീഴിൽ ഉൾപ്പെടുത്തുകയും ഇവർക്കു ഭവന നിർമ്മാണത്തിനായി സബ്സിഡികൾ നീക്കി വയ്ക്കുകയും ചെയ്യുക. ട്രാൻസ്ജെന്റർ വ്യക്തികളുടെ ഭവന നിർമ്മാണത്തിനായി നൽകുന്ന ധനസഹായങ്ങൾ അവരുടെ വരുമാനത്തെ അടിസ്ഥാനപ്പെടുത്തി ഗ്രാന്റ്, സബ്സിഡി, ലോൺ ഇവയുടെ സമ്മിശ്രമായ രീതിയിലാകാവുന്നതാണ്.<br>• ട്രാൻസ്ജെന്റർ വ്യക്തികളുടെ താൽപര്യങ്ങൾ കൂടി കണക്കിലെടുക്കുന്ന രീതിയിൽ മുതിർന്ന പൗരന്മാർക്കായുള്ള ഡെ കെയർ സെന്ററുകൾ വിഭാവനം ചെയ്യുക<br>• ലിംഗ നിർണ്ണയം നടത്താത്ത കുട്ടികൾ, ട്രാൻസ്ജെന്റർ കുട്ടികൾ ഇവരുടെ ആവശ്യങ്ങളും ഉത്കണ്ഠകളും സംബോധന ചെയ്യുന്ന തരത്തിൽ ഷോർട്ട് സ്റ്റേ ഹോമുകൾ, ഓർഫനേജുകൾ അഡോപ്ഷൻ ഫോസ്റ്ററിംഗ് സംവിധാനങ്ങൾ എന്നിവയിലെ സ്റ്റാഫുകൾ പ്രവർത്തിക്കുന്നു എന്ന് ഉറപ്പു വരുത്തുക<br>• അഗതികളായ ട്രാൻസ്ജെന്റർ വ്യക്തികൾക്കായുള്ള പെൻഷൻ:- 55 വയസ്സിനു മുകളിലുള്ള ട്രാൻസ്ജെന്റർ വ്യക്തികൾക്കും അഗതികളായ ട്രാൻസ്ജെന്റർ വ്യക്തികൾക്കും ധനസഹായം പെൻഷൻ രൂപത്തിൽ നൽകുക. | |
| | ഭക്ഷ്യവസ്തുക്കൾ നൽകുന്നതിനുള്ള പദ്ധതികൾ: പൊതുവിതരണത്തിനു കീഴിൽ ബി.പി.എൽ. റേഷൻ കാർഡുകൾ ട്രാൻസ്ജെന്റർ വ്യക്തികൾക്ക് നൽകി കൊണ്ട് ഭക്ഷ്യ വസ്തുക്കൾ സൗജന്യമായോ സബ്സിഡി നിരക്കിലോ നൽകുക | ഫുഡ് ആന്റ് സിവിൽ സപ്ലൈസ് ഡിപാർട്ട്മെന്റ് |
| | | |

| | | |
|---|---|---|
| | • ട്രാൻസ്ജെന്റർ വ്യക്തികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഉചിതമായി ഒരു തുക നീക്കിവയ്ക്കുക.<br>• ട്രാൻസ്ജെന്റർ വ്യക്തികളുടെ കഴിവുകളും നൈപുണ്യവും വിപുലീകരിക്കുന്നതിനായി പദ്ധതികളും പരിപാടികളും നടത്തുന്നതിനായി അക്രെഡിറ്റഡ് എൻ.ജി.ഒ. കളെ ഉൾപ്പെടുത്തിക്കൊണ്ട് പ്രവർത്തിക്കാം.<br>• എല്ലാ ഔദ്യോഗിക ഗവൺമെന്റ് ഫോമുകളിലും സ്ത്രീ, പുരുഷൻ എന്നിങ്ങനെയുള്ള ഈ ഓപ്ഷനോടൊപ്പം ട്രാൻസ്ജെന്റർ എന്നു കൂടി ഉൾപ്പെടുത്തേണ്ടതാണ്. ഇത് ഡിപ്പാർട്ട്മെന്റുകൾ ഉറപ്പു വരുത്തേണ്ടതാണ്. | |

13. ട്രാൻസ്ജെന്റർ വ്യക്തികൾക്ക് അവരുടെ ഭരണഘടനാപരമായ അവകാശങ്ങളോടുകൂടി തന്നെ ഇന്ത്യയിലെ മറ്റേതൊരു പൗരനും സമാനമായ രീതിയിൽ ജീവിക്കുവാൻ സാധിക്കുന്നതരത്തിൽ മേൽപ്പറഞ്ഞ കാര്യങ്ങൾ എല്ലാം കൂടി ഒരു സമഗ്രമായ രീതിയിൽ നടപ്പിലാക്കേണ്ടതാണ്.

B. <u>പദ്ധതിപരമായ സമീപനങ്ങൾ</u>

പദ്ധതികൾക്കായുള്ള പ്രാഥമിക സമീപനങ്ങൾ താഴെപ്പറയുന്നു:

- സ്വന്തം ലിംഗം സ്വയം തിരിച്ചറിയുന്നതിനും ഒരു സ്ത്രീയോ, പുരുഷനോ, ട്രാൻസ്ജെന്ററോ ആയി സ്വയം തിരിച്ചറിഞ്ഞുകൊണ്ട് അത്തരത്തിൽ പ്രകടിപ്പിക്കുന്നതിനുള്ള അവകാശങ്ങൾ ഉൾപ്പടെ ട്രാൻസ്ജെന്റർ വ്യക്തികളുടെ എല്ലാ അവകാശങ്ങളും സംരക്ഷിക്കപ്പെടുകയും അതോടൊപ്പം ഉറപ്പാക്കപ്പെടുകയും ചെയ്യുന്നു എന്ന് ഉറപ്പു വരുത്തുക.
- ഗവൺമെന്റിന്റെ എല്ലാ സേവനങ്ങളിലും തുല്യമായ ലഭ്യത ഉറപ്പാക്കുക.
- വിദ്യാഭ്യാസം, ആരോഗ്യം, പൊതു നിയമങ്ങൾ എന്നിവയിലുള്ള അസമത്വത്തെ നേരിടുന്നതിനായി പോസിറ്റീവ് ഡിസ്ക്രിമിനേഷൻ അഥവാ മാതൃകാപരമായ വിവേചനത്തെ അനുകൂലിക്കുക.
- ട്രാൻസ്ജെന്റേഴ്സ് അവകാശങ്ങളെപ്പറ്റി പൊതുവായ ബോധവൽക്കരണം നടത്തുകയും അതോടൊപ്പം അവകാശങ്ങളുടെ നടത്തിപ്പിൽ പങ്കാളികളാവുന്ന വ്യക്തികളുടെ കഴിവ് വർദ്ധിപ്പിക്കുക.

- എല്ലാ സേവനങ്ങളുടെയും ആനുകൂല്യങ്ങളുടെയും തുല്യ ലഭ്യത ഉറപ്പാക്കുന്നതിനും ട്രാൻസ്ജെന്റർ വ്യക്തികൾ അഭിമുഖീകരിക്കുന്ന ഹിംസ, പീഢനം എന്നിവയെ ഫലപ്രദമായി നേരിടുന്നതിനും ആവശ്യമായ ഘടനകൾ (മെക്കാനിസം) ആവിഷ്കരിക്കുക.
- ട്രാൻസ്ജെന്റർ അവകാശങ്ങളുടെ നടപ്പിലാക്കൽ, സംരക്ഷണം കൂടാതെ ആവശ്യമായ സാഹചര്യങ്ങളിൽ ഉത്തമമായ നയങ്ങൾ എന്നിവ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കുക.

B. പദ്ധതികൾ നടപ്പിലാക്കുന്നതിലുള്ള ധർമ്മങ്ങളും ഉത്തരവാദിത്വങ്ങളും

14. പദ്ധതിയുടെ നടത്തിപ്പിലെ പ്രധാനമായിട്ടുള്ള വ്യക്തികളുടെ ധർമ്മങ്ങളും ഉത്തരവാദിത്വങ്ങളും പട്ടിക 7-ൽ നൽകിയിരിക്കുന്നു. ഇത് സമഗ്രമായ ഒരു പട്ടികയല്ല. നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ട്രാൻസ്ജെന്റർ നീതി ബോർഡ് ([illegible]) തീരുമാനിക്കുന്നതിൻ പ്രകാരം മറ്റു ആളുകളും ഇതിൽ ഉൾപ്പെടാവുന്നതാണ്.

D. നയം നടപ്പാക്കുന്നതിനുവേണ്ടിയുള്ള ഒരുക്കങ്ങൾ

15. നയം നടത്തുന്നതിനായുള്ള ഉത്തരവാദിത്തപരമായ ചട്ടക്കൂട് (അക്കൗണ്ടബിലിറ്റി ഫ്രെയിംവർക്ക്):

ട്രാൻസ്ജെന്ററുകളുടെ അവകാശസംരക്ഷണം, ട്രാൻസ്ജെന്റർ വ്യക്തികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുക, കേരള ഗവൺമെന്റിന്റെ സാമൂഹികനീതി വകുപ്പിനു കീഴിൽ സംസ്ഥാന ട്രാൻസ്ജെന്റർ ജസ്റ്റിസ് ബോർഡ്, ജില്ലാതല ട്രാൻസ്ജെന്റർ ജസ്റ്റിസ് കമ്മിറ്റികൾ എന്നിവ രൂപീകരിക്കുകയും ഇതിലൂടെ ട്രാൻസ്ജെന്റർ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നു എന്നും ട്രാൻസ്ജെന്റർ വ്യക്തികൾ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തുന്നു എന്നും ഉറപ്പാക്കണം. കേരള ട്രാൻസ്ജെന്റർ ജസ്റ്റിസ് ബോർഡ് പട്ടിക (2)-ൽ പറഞ്ഞിരിക്കും പ്രകാരമാണ് രൂപീകരിക്കേണ്ടത്.

| പട്ടിക 2: ട്രാൻസ്ജെന്റർ നീതി ബോർഡിലെ അംഗങ്ങൾ | |
|---|---|
| ചെയർ പേഴ്സൺ | • ബഹു. സാമൂഹിക നീതി വകുപ്പ് മന്ത്രി |
| മെമ്പർ സെക്രട്ടറി | • സാമൂഹിക നീതിവകുപ്പ് സെക്രട്ടറി |
| അംഗങ്ങൾ | • ആഭ്യന്തരവകുപ്പ് സെക്രട്ടറി |
| | • ധനകാര്യവകുപ്പ് സെക്രട്ടറി |
| | • ആരോഗ്യവകുപ്പ് സെക്രട്ടറി |
| | • ജനറൽ എഡ്യൂക്കേഷൻ വിഭാഗം സെക്രട്ടറി |
| | • നിയമവിഭാഗം സെക്രട്ടറി |
| | • സാംസ്കാരികവിഭാഗം സെക്രട്ടറി |
| | • തദ്ദേശസ്വയംഭരണ വിഭാഗം സെക്രട്ടറി |
| | • സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ |

| | |
|---|---|
| | • ഡയറക്ടർ, പബ്ലിക് ഇൻസ്പെക്ടർ |
| നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾ | • ട്രാൻസ്ജെന്റർ വ്യക്തികളുടെ അവകാശങ്ങളിൽ പ്രസക്തമായ ഒരു സമയം പ്രവർത്തന പരിചയം ഒരു എൻ.ജി.ഒ യിൽ നിന്നുള്ള ഒരു വ്യക്തി; പ്രസ്തുത വ്യക്തി ഈ മേഖലയിൽ നല്ല പ്രവർത്തനം കാഴ്ച വച്ച ആളായിരിക്കണം.<br>• ട്രാൻസ്ജെന്റർ കമ്മ്യൂണിറ്റിയിൽ നിന്നുള്ള 5 പ്രതിനിധികൾ |

16. എല്ലാ ജില്ലകളിലും ജില്ലാതലത്തിൽ ഒരു ട്രാൻസ്ജെന്റർ ജസ്റ്റിസ് കമ്മിറ്റി സ്ഥാപിതമായിരിക്കണം. കേരളാ ഗവൺമെന്റ് പട്ടിക 3-ൽ പറഞ്ഞിരിക്കും പ്രകാരമാണ് ജില്ലാതല ട്രാൻസ്ജെന്റർ കമ്മിറ്റികൾ രൂപീകരിക്കേണ്ടത്.

| പട്ടിക 3: ട്രാൻസ്ജെന്റർ ജസ്റ്റിസ് ബോർഡ് അംഗങ്ങൾ | |
|---|---|
| ചെയർ പേഴ്സൺ<br>മെമ്പർ സെക്രട്ടറി<br>അംഗങ്ങൾ | • ജില്ലാ കളക്ടർ<br>• ജില്ലാ സാമൂഹിക നീതി ഓഫീസർ<br>• സിറ്റി പോലീസ് കമ്മീഷണർ/ജില്ലാ പോലീസ് മേധാവി<br>• റൂറൽ എസ്.പി.<br>• ജില്ലാ മെഡിക്കൽ ഓഫീസർ<br>• ജില്ലാ ലേബർ ഓഫീസർ<br>• ഡെപ്യൂട്ടി ഡയറക്ടർ വിദ്യാഭ്യാസവകുപ്പ്<br>• ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ |
| നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾ | • ട്രാൻസ്ജെന്റർ വ്യക്തികൾക്കുവേണ്ടി പ്രസക്തമായ സമയം സേവനം ചെയ്തിട്ടുള്ള കമ്മ്യൂണിറ്റി ബേസ്ഡ് ഓർഗനൈസേഷന്റെ ഒരു പ്രതിനിധി. ഇയാൾക്ക് പ്രസ്തുത മേഖലയിൽ നല്ല പരിചയസമ്പത്തുള്ള നല്ല പ്രവർത്തനം കാഴ്ചവെച്ച ആളായിരിക്കണം<br>• ട്രാൻസ്ജെന്റർ കമ്മ്യൂണിറ്റിയിൽ നിന്നുള്ള 4 അംഗങ്ങൾ |

17. ട്രാൻസജെന്റേഴ്സ് ബോർഡിന്റെ ചുമതലകൾ

(i) ട്രാൻസ്ജെന്റേഴ്സ് പോളിസിയുടെ നടത്തിപ്പിന് ട്രാൻസ്ജെന്റേഴ്സ് ജസ്റ്റിസ് ബോർഡ് മേൽനോട്ടം വഹിക്കുക. ട്രാൻസ്ജെന്റർ ഗ്രൂപ്പുകളിലെ പാവപ്പെട്ടവർക്കും റിസ്കിലായിട്ടുള്ള മറ്റുള്ളവർക്കും സാമൂഹിക, സാമ്പത്തിക വികസനത്തിനായുള്ള ലഭ്യത സാധ്യമാകുന്ന രീതിയിൽ നിയമപരവും സ്ഥാപനപരവുമായ പുനർവിചിന്തനത്തിന് സഹായിക്കുക.

(ii) ട്രാൻസ്ജെന്റർ സമുദായത്തിന്റെ ക്ഷേമം ലക്ഷ്യം വെച്ചുകൊണ്ടുള്ള കൂടുതൽ കേന്ദ്രീകൃതമായ ഒരു സമീപനത്തിനായി വിവിധ വിഭാഗങ്ങളിലെ വിവിധ പദ്ധതികളുടെ ഏകീകരണം ഉറപ്പാക്കുക.

(iii) ട്രാൻസ്ജെന്റർ വ്യക്തികളുടെ സമത്വം, നീതി ഇവ ഉറപ്പാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുക.

(iv) ട്രാൻസ്ജെന്റർ നയം നടപ്പിലാക്കുന്നതിനാവശ്യമായ പ്രോഗ്രാമുകൾ, പദ്ധതികൾ, പരിപാടികൾ ഇവ നല്ല രീതിയിൽ ആവശ്യാനുസരണം ആവിഷ്കരിച്ച് നടപ്പിലാക്കുകയും ഇതിനാവശ്യമായ മതിയായ ധനസഹായം ഉറപ്പാക്കുകയും ചെയ്യുക.

(v) പ്രസക്തമായ എല്ലാ വിഭാഗങ്ങളുടെ കൈയ്യിൽ നിന്നും [illegible] ട്രാൻസ്ജെന്റർ അവകാശ സംരക്ഷണത്തിനായി കൈക്കൊണ്ടിട്ടുള്ള വിവിധ നടപടികൾ, ഇതിനായി ചിലവാക്കിയിട്ടുള്ള ബഡ്ജറ്റ് തുക, കൂടാതെ പ്രസ്തുത നടപടികൾ മൂലം ഉണ്ടായിരിക്കുന്ന ഫലങ്ങൾ ഇവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു വാർഷിക റിപ്പോർട്ട് എല്ലാ സാമ്പത്തിക വർഷവും ജൂൺ 30 – ന് മുമ്പായി സമർപ്പിക്കാൻ ആവശ്യപ്പെടുക.

(vi) എൻ.ജി.ഒ.കൾ, കമ്മ്യൂണിറ്റി ബേസ്ഡ് ഓർഗനൈസേഷൻ [illegible] എന്നിവ മുഖാന്തിരം ബോധവൽക്കരണ പരിപാടികൾ, ട്രാൻസ്ജെന്ററുകളെപ്പറ്റി പൊതുജനത്തിന് അവബോധം സൃഷ്ടിക്കാനുള്ള പരിപാടികൾ [illegible] ഇവ മാസ് മീഡിയ വഴിയും അല്ലാതെ പൊതു ക്യാമ്പയിൻ മുഖാന്തിരവും മറ്റും നടത്തുന്നതിന് സഹായം നൽകുക.

18. സാമൂഹിക നീതി വകുപ്പിലെ ജെന്റർ സെൽ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നതിൽ ട്രാൻസ്ജെന്റേഴ്സ് ജസ്റ്റിസ് ബോർഡിനെ സഹായിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട ജെന്റർ സെല്ലിന്റെ ചുമതലകൾ താഴെ കൊടുക്കുന്നു.

- ജില്ലാതല ട്രാൻസ്ജെന്റർ ജസ്റ്റിസ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം ട്രാൻസ്ജെന്റർ വ്യക്തിക്ക് ലിംഗ നിർണ്ണയ സർട്ടിഫിക്കറ്റ് നൽകുക [illegible] സെല്ല് നൽകുന്ന സർട്ടിഫിക്കറ്റിൽ വ്യക്തി സ്വയം ചൂസ് ചെയ്യുന്ന തരത്തിൽ സ്വന്തം (പുരുഷൻ/സ്ത്രീ/ട്രാൻസ്ജെന്റർ) എന്നിങ്ങനെ തിരഞ്ഞെടുക്കുവാൻ കഴിയണം. ആധാർ, ഡ്രൈവിംഗ് ലൈസൻസ്, വോട്ടർ ഐ.ഡി. എന്നിങ്ങനെയുള്ള എല്ലാ നിയമപരമായ രേഖകളും തിരുത്തുന്നതിന് ഈ സർട്ടിഫിക്കറ്റ് ഉപയോഗിക്കാൻ കഴിയുന്നതാണ്. ട്രാൻസ്ജെന്റർ വ്യക്തിയുടെ ലിംഗനിർണ്ണയത്തെ സംബന്ധിച്ച് എല്ലാ (അതോറിറ്റി) അധികാര

കേന്ദ്രങ്ങളും ഈ സർട്ടിഫിക്കറ്റ് സ്വീകരിക്കേണ്ടതാണ്. കൂടാതെ ലഭ്യമായിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും ഇതിൻ പ്രകാരം ലഭ്യമാക്കേണ്ടതുമാണ്.

5. ജില്ലാ ട്രാൻസ്ജെന്റർ ജസ്റ്റിസ് കമ്മിറ്റിയുടെ ചുമതലകൾ

19. ജില്ലാ ട്രാൻസ്ജെന്റർ ജസ്റ്റിസ് കമ്മിറ്റിയുടെ ചുമതലകൾ താഴെപറയും പ്രകാരമാണ്.

(i) ട്രാൻസ്ജെന്ററുകളുടെ സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ വികസനത്തിനുതകുന്ന പരിപാടികളുടെ നടത്തിപ്പിന് ഈ കമ്മിറ്റി ബാദ്ധ്യസ്ഥരാണ്.

(ii) ജെന്റർ ഐഡന്റിറ്റി അഥവാ ലിംഗവ്യക്തിത്വത്തിനുള്ള രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായുള്ള അപേക്ഷകൾ പരിശോധിക്കുന്നതിനായി ഒരു സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിക്കുക. ഇത് ട്രാൻസ്ജെന്റർ ജസ്റ്റിസ് കമ്മിറ്റിക്കു കീഴിലുള്ള ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസർ അദ്ധ്യക്ഷനായ ഒരു സബ് കമ്മിറ്റിയാണ്. മനഃശാസ്ത്ര വിദഗ്ദ്ധൻ, മനോരോഗ വിദഗ്ദ്ധൻ, സി.ബി.ഒ. പ്രതിനിധി, ട്രാൻസ്ജെന്റർ കമ്മ്യൂണിറ്റിയിലെ 4 പ്രതിനിധികൾ എന്നിവരാണ് അംഗങ്ങൾ.

(iii) സ്ക്രീനിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടിനനുസൃതമായി ലിംഗവ്യക്തിത്വത്തിനുള്ള അപേക്ഷകളിൻമേൽ ട്രാൻസ്ജെന്റർ ബോർഡിന് ശുപാർശകൾ നൽകുക.

(iv) റേപ്പ് ക്രൈസിസ് ഇന്റർ വെൽഷ്യൽ സെന്ററിന്റെ മാതൃകയിൽ ട്രാൻസ്ജെന്റർ സപ്പോർട്ട് ആന്റ് ക്രൈസിസ് ഇന്റർവെൻഷൻ സെന്റർ (ടഎകള) രൂപീകരിക്കുക. ഇത്തരം കളുടെ സഹായത്തോടെ അവബോധ പരിപാടികൾ, ക്രൈസസ് ഇന്റർവെൻഷൻ പരിപാടികൾ, കൗൺസിലിംഗ് പരിപാടികൾ, മാനസികാരോഗ്യ സേവനങ്ങൾ മുതലായവക്കായി സെന്ററുകൾ മുൻകൈയെടുക്കേണ്ടതാണ്.

E. സംസ്ഥാന ജെന്റർ നയത്തിന്റെ ഫലങ്ങളുടെ മേൽനോട്ടവും അവലോകനവും:

പട്ടിക 2: സാമ്പിൾ റിസൾട്ട് ഫ്രം വർക്ക് ഫോർ ജെന്റർ ഇക്വാലിറ്റി ആന്റ് എംപവർമെന്റ് ഇൻ കേരള.

20. പോളിസി റൂളുകളുടെ മേൽനോട്ടം, അവലോകനം ഇവയ്ക്ക് സംസ്ഥാന ഗവൺമെന്റ് വളരെയധികം പ്രാധാന്യം നൽകുന്നു. നയത്തിലെ സുപ്രധാനമായ 4 മാനങ്ങളും അതുമായി ബന്ധപ്പെട്ട അനന്തരഫലസൂചനകകളും അനക്സിൽ ചിത്രീകരിച്ചിരിക്കുന്നു. ട്രാൻസ്ജെന്റർ ബോധമുള്ള [illegible] മേൽനോട്ടം, കപ്പാസിറ്റി ബിൽഡിംഗ്, അവലോകനം ഇവ സാമൂഹികനീതി വകുപ്പ്

ആദ്യമായി സംഘടിപ്പിച്ച ട്രെയിനിംഗുകളിൽ ഒന്നായിരുന്നു. മേൽനോട്ടം വഹിക്കുന്ന സർക്കാർ ഘടനകളിലേക്ക് ട്രാൻസ്ജെന്റർ ബന്ധപ്പെടുന്നതിനായുള്ള വിവിധ ഘടനകൾ ഉണ്ടാകുന്നതുവരെക്കും ട്രാൻസ്ജെന്റർ കമ്മ്യൂണിറ്റിക്കുമേലുള്ള നയത്തിന്റെ സ്വാധീനം അറിയുന്നതിനായി വാർഷിക മോണിറ്ററിംഗ് സർവ്വേ നടത്തേണ്ടതാണ്. അനക്സിൽ നൽകിയിരിക്കുന്ന സൂചികകളായിരിക്കണം മോണിറ്ററിംഗ് ടൂളിന്റെ അടിസ്ഥാനം. പോളിസി നടപ്പിലാക്കിയതിനു മൂന്നു വർഷത്തിനുശേഷം സാമൂഹിക നീതി വകുപ്പ് ഏജൻസി യാൽ അംഗീകൃതമായ മെത്തഡോളജി ഉപയോഗിച്ച് 2018 – ൽ പോളിസി നടത്തിപ്പ് ഫലങ്ങൾ ഇവയെ ആസ്പദമാക്കി ഒരു മിഡ് ടേം അവലോകനം നടത്തുന്നതായിരിക്കും.

അനക്സർ

## റിസൾട്ട് ഫ്രം വർക്ക് ആന്റ് സാമ്പിൾ അസോസിയേറ്റഡ് ഇൻഡിക്കേറ്റേഴ്സ്

| ലിംഗസമത്വം പദ്ധതിയുടെ സാർവ്വത്രിക ലക്ഷ്യം / ഫലം | അവകാശസമത്വവും നീതിയും | പ്രകടിപ്പിക്കുവാനുള്ള സ്വാതന്ത്ര്യം | അന്തസ്സുള്ളതും ഹിംസാരഹിതവുമായ ജീവിതം | പങ്കാളിത്തവും ശബ്ദവും |
|---|---|---|---|---|
| ഫലങ്ങൾ / ലക്ഷ്യങ്ങൾ<br>ഫലങ്ങൾ സ്റ്റേറ്റിനാൽ നിർവ്വചിക്കപ്പെട്ടിരിക്കുന്നതും മനസ്സിലാക്കപ്പെട്ടിരിക്കുന്നതുമാണ്<br><br>പ്രോഗ്രാമുകൾ നടത്തുന്ന സ്ഥലങ്ങളിൽ പ്രതിഫലിതമായ വികസന മാറ്റങ്ങൾ ദൃശ്യമായിരിക്കും | എല്ലാ പൊതു സേവനങ്ങളിലും ട്രാൻസ്ജെന്ററുകൾക്ക് തുല്യ ലഭ്യതയായിരിക്കും എന്ന് സൂചികകൾ കാണിക്കുന്നു<br><br>സ്കൂൾ, കോളേജ് എന്നിവിടങ്ങളിലുള്ള വിവേചനം മൂലമുള്ള കൊഴിഞ്ഞു പോക്ക് പൂജ്യം ശതമാനമാക്കുക<br><br>പൊതു നിയമത്തിലെ ട്രാൻസ്ജെന്റർ വ്യക്തികളുടെ എണ്ണത്തിലുള്ള വർദ്ധന | ട്രാൻസ്ജെന്റർ വ്യക്തികൾക്ക് അവർ ആഗ്രഹിക്കുന്ന വസ്ത്രം ധരിക്കുന്നതിനും അവർ ആഗ്രഹിക്കുന്ന തരത്തിൽ ഏതു ലിംഗമായും പ്രകടിപ്പിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം ഉണ്ടാവും<br>ട്രാൻസ്ജെന്ററുകളുടെ പങ്കാളിത്തത്തോടെ സാംസ്കാരിക പരിപാടികൾ അവതരിപ്പിക്കുക<br><br>ദേശീയ ട്രാൻസ്ജെന്റർ ഫെസ്റ്റിവൽ സ്റ്റേറ്റ് ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുക | നയം നിലവിൽ വന്നതിനുശേഷം അന്തസ്സുള്ള ഒരു ജീവിതം നയിക്കാൻ കഴിയുന്നു എന്ന് ട്രാൻസ്ജെന്ററുകൾക്ക് തോന്നുക | ലെജിസ്ലേറ്റീവ് അസംബ്ലി, പാർലമെന്റ് ഇവിടങ്ങളിലെ നാമ നിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ<br><br>ഡെമോക്രാറ്റിക് സമിതികളിലും പൊതു തീരുമാനങ്ങളെടുക്കുന്നതിനുള്ള സമിതികളിലും ഉള്ള നീതിയുക്തമായ പങ്കാളിത്തം |
| ട്രാൻസ്ജെന്ററുകളുടെ സമത്വത്തിന്റെ ഫലമായി ഇടയിലുണ്ടാകുന്ന ഫലങ്ങൾ ([illegible]) (സ്ഥാപനതലത്തിലുള്ള വിവിധ വിഭാഗങ്ങളുടെയും ഏജൻസികളുടെയും ഫലങ്ങൾ) | ട്രാൻസ്ജെന്ററുകളുടെ ഇടയിലുള്ള കുറഞ്ഞ കൊഴിഞ്ഞു പോക്ക് നിരക്ക്<br><br>സേവന സംബന്ധമായ എല്ലാ ഫോമുകളിലും സ്ത്രീ പുരുഷൻ എന്നിങ്ങനെയുള്ളതു പോലെ ട്രാൻസ്ജെന്റർ എന്ന ഓപ്ഷൻ | സ്കൂൾ, പൊതുസമിതികൾ, സമുദായങ്ങൾ എന്നിങ്ങനെ വിവിധ തലത്തിൽ ട്രാൻസ്ജെന്റർ അവകാശങ്ങളെപ്പറ്റിയുള്ള ഐ. ഇ. സി. പരിപാടികൾ കേരള ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുകയും ആളുകളുടെ മാനസികാവസ്ഥ | ട്രാൻസ്ജെന്ററുകളുടെ അവകാശങ്ങളെ സംബന്ധിച്ച് – പോലീസ് ഉദ്യോഗസ്ഥർക്കിടയിലുള്ള ബോധവൽക്കരണം ഉയർത്തുക.<br><br>സംസ്ഥാന ഭരണത്തിന്റെ വിവിധ തലങ്ങളിലെ സേവനദാ | ജനാധിപത്യ സമിതികൾ ട്രാൻസ്ജെന്ററുകളെ ഉൾപ്പെടുത്തുന്നതിനുള്ള പ്രക്രിയകൾ |

| | | | | |
|---|---|---|---|---|
| | കൂടി ഉൾപ്പെടു ത്തിയിരിക്കുന്നു.<br><br>പൊതുപ്രവേശന ങ്ങളിൽ ട്രാൻസ്ജെന്ററു കൾക്ക് സംവ രണം | ട്രാൻസ്ജെന്ററു കൾക്കനുകൂല മായി മാറ്റുവാൻ ഇതിലൂടെ സാധി ക്കുകയും ചെയ്യുക | താക്കൾക്കിടയി ലുള്ള വിവേചനം കുറയുക<br><br>ട്രാൻസ്ജെന്ററു കൾക്കെതിരായി പൊതുജന ത്തിന്റെയും മറ്റും ഭാഗത്തു നിന്നുള്ള വിവേ ചനം കുറയുക | • |